(സി) ഈ പദ്ധതിയുടെ പ്രയോജനം ഏതെല്ലാം വിഭാഗത്തിൽപെട്ടവർക്ക് ലഭിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് 1998-99 കാലയളവിൽ 31.3.99 വരെ 36585 പേർക്കാണ് വായ്പ അനുവദിച്ചത്.

(ബി) ഈ ഇനത്തിൽ 11920.85 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതരായ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഒരു വായ്പാ പദ്ധതിയാണിത്. പ്രതിമാസം 1800 രൂപയിൽ താഴെ മാത്രം കുടുംബ വരുമാനമുള്ളവരും സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരുമായ ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ട്.

105 (249) മൈത്രീ ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീഭവന നിർമ്മാണ പദ്ധതി പ്രകാരം 1997-98-ൽ സബ്സിഡിയായി എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി നൽകുന്നതു സംബന്ധിച്ച് കേസുകൾ ഏതെങ്കിലും തീരുമാനമാകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് സബ്സിഡി നൽകാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 1997-98-ൽ സബ്സിഡിയായി 2743.83 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിക്കുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

106 (250) ഭവനരഹിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് ഭവനരഹിതർക്കുവേണ്ടിയുള്ള ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതി നിലവിൽ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചതും എന്നാൽ ആരും തന്നെ വാങ്ങാത്തതുമായ ഭവനങ്ങൾ എവിടെയൊക്കെ ഉണ്ടെന്നും എത്രകാല

LIBRARY ARCHIVES Kerala Legislative Assembly